ഉത്തരം

(എ&ബി) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ ജോലി നോക്കുന്ന ഡെപ്യൂട്ടേഷൻ/ഡയറക്ട് വിഭാഗങ്ങളിൽ അച്ചടക്ക നടപടിക്ക് വിധേയരാകാത്തതോ സ്ഥലംമാറ്റം രേഖാമൂലം ആവശ്യപ്പെടാത്തതോ ആയ പട്ടികജാതി ജീവനക്കാരെ 2 വർഷം തികയാതെ സ്ഥലം മാറ്റരുതെന്ന ഉത്തരവ് നിലവിലുണ്ട്.

(സി&ഡി) ഉദ്യോഗസ്ഥരുടെ പേരു വിവരം അനുബന്ധമായി ചേർക്കുന്നു.* ശ്രീമതി മഞ്ജു. എ, SA II-നെ രണ്ടു പ്രാവശ്യം സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ട്.

(ഇ&എഫ്) നിലവിലുള്ള ഉത്തരവിന് വിരുദ്ധമായി പ്രവർത്തിച്ചതായി പരാതി ലഭിച്ചാൽ സപ്ലൈകോ അധികൃതർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

കേന്ദ്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ്

198 (3948) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മേയ് മാസത്തിൽ സംസ്ഥാനത്തിന് കേന്ദ്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ ; അന്ന് കേരളത്തിന് ലഭിക്കേണ്ടിയിരുന്ന അളവ് എത്രയായിരുന്നു ; കേരളം എത്ര ടൺ ഭക്ഷ്യധാന്യവും മണ്ണെണ്ണയുമാണ് ആവശ്യപ്പെട്ടിരുന്നത് ;

(ബി) 2011 മേയ് മാസത്തിൽ എത്ര റേഷൻ കാർഡുകളാണ് ഉണ്ടായിരുന്നത് ; തരംതിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ ; ഈ ഓരോ തരം കാർഡുകൾക്കും അന്ന് അനുവദിച്ചിരുന്ന ഭക്ഷ്യധാന്യത്തിന്റെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ ;

(സി) 2015 മേയ്/ജൂൺ മാസത്തിൽ സംസ്ഥാനത്തിന് മാത്രം അനുവദിച്ച റേഷൻ ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അളവ് വ്യക്തമാക്കുമോ ; ലഭിക്കേണ്ടിയിരുന്ന അളവ് എത്രയായിരുന്നു ; കേരളം എത്ര ടൺ ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയുമാണ് ആവശ്യപ്പെട്ടത് ;

(ഡി) ഇപ്പോൾ നിലവിൽ എത്ര റേഷൻ കാർഡുകളാണ് സംസ്ഥാനത്ത് ഉള്ളത് ; തരം തിരിച്ച് അവയുടെ എണ്ണം വ്യക്തമാക്കുമോ ; ഓരോതരം കാർഡിനും ഇപ്പോൾ അനുവദിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011 മേയ് മാസത്തിൽ സംസ്ഥാനത്തിന് കേന്ദ്രം 91,345 മെ.ടൺ അരിയും 20,802 മെ.ടൺ ഗോതമ്പും അനുവദിച്ചിരുന്നു. 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് പ്രതിമാസം 2,55,045 മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. 2011 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങൾ ഉൾപ്പെടുന്ന ത്രൈമാസ അലോട്ട്മെന്റ് ആയി കേന്ദ്രം അനുവദിച്ചത് 53,484 കി.ലി. മണ്ണെണ്ണയാണ്. ആയത് 2010 മാർച്ച് വരെ ലഭ്യമാക്കിക്കൊണ്ടിരുന്ന 69,488 കിലോ ലിറ്ററായി പുനഃസ്ഥാപിച്ചുതരണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

(ബി) 2011 മേയ് മാസത്തിൽ ആകെ 7548543 റേഷൻ കാർഡുകളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത്. അതിൽ 5455335 എ.പി.എൽ. കാർഡുകളും 1460735 ബി.പി.എൽ. കാർഡുകളും 595752 എ.എ.വൈ. കാർഡുകളും 36721 അന്നപൂർണ്ണ കാർഡുകളുമാണ് ഉള്ളത്.

എ.പി.എൽ. കാർഡുകൾക്ക് കാർഡൊന്നിന് 10 കി.ഗ്രാം അരിയും 2 കി.ഗ്രാം ഗോതമ്പും ബി.പി.എൽ. കാർഡുകൾക്ക് കാർഡൊന്നിന് 28 കി.ഗ്രാം അരിയും 7 കി.ഗ്രാം ഗോതമ്പുമാണ് അനുവദിച്ചത്. എ.എ.വൈ. കാർഡുകൾക്ക് കാർഡൊന്നിന് 35 കി.ഗ്രാം അരിയും അനുവദിച്ചു. 2011 മേയ് മാസം ഇ-കാർഡിന് 2 ലിറ്റർ, എൻ.ഇ-കാർഡിന് 5 ലിറ്റർ എന്ന നിരക്കിൽ മണ്ണെണ്ണ വിതരണം നടത്തിയിട്ടുണ്ട്.

(സി) 2015 മേയ്/ജൂൺ മാസത്തിൽ സംസ്ഥാനത്തിന് മാത്രം അനുവദിച്ചത് 106017 മെ.ടൺ അരിയും 26638 മെ.ടൺ ഗോതമ്പുമാണ്. 2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് പ്രതിമാസം 160075 മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങൾ ഉൾപ്പെടുന്ന ത്രൈമാസ അലോട്ട്മെന്റ് ആയി കേന്ദ്രം അനുവദിച്ചത് 29448 കി.ലി. മണ്ണെണ്ണയാണ്. ആയത് 2014 ഡിസംബർ വരെ ലഭ്യമാക്കിക്കൊണ്ടിരുന്ന അളവിൽ പുനഃസ്ഥാപിച്ചുതരണമെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(ഡി) സംസ്ഥാനത്ത് നിലവിൽ 6242234 എ.പി.എൽ. കാർഡുകളും 1486765 ബി.പി.എൽ. കാർഡുകളും 581936 എ.എ.വൈ. കാർഡുകളും 62476 അന്നപൂർണ്ണ കാർഡുകളും അടക്കം ആകെ 8373411 റേഷൻ കാർഡുകളാണ് ഉള്ളത്. 2015 ജൂലൈ മാസത്തിൽ ഓരോ കാർഡിനും അനുവദിച്ച ഭക്ഷ്യധാന്യത്തിന്റെ അളവ് ചുവടെ ചേർക്കുന്നു:

എ.പി.എൽ. - 8 കി.ഗ്രാം അരിയും 2 കി.ഗ്രാം ഗോതമ്പും (നോർമൽ)

ബി.പി.എൽ. - 25 കി.ഗ്രാം അരിയും 7 കി.ഗ്രാം ഗോതമ്പും

എ.എ.വൈ. - 35 കി.ഗ്രാം അരി

ഭക്ഷണവില നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം

199 (3949) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹോട്ടലുകളിലെ ഭക്ഷണവില നിയന്ത്രിക്കുന്നതിന് അടിയന്തിരമായി നിയമ നിർമ്മാണം നടത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഹോട്ടലുകളിലെ ഭക്ഷണസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. ഇത് സംബന്ധിച്ച് നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ കൂടി ഉൾപ്പെടുത്തി സാധാരണക്കാർക്ക് പ്രാപ്തമായ വിലയിൽ ഭക്ഷണ സാധനങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി തികച്ചും ലളിതവും പ്രായോഗികവുമായ നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്.

ചാലക്കുടി, കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിക്ക് ബി.പി.എൽ. പെർമിറ്റ്

200 (3950) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിക്ക് നിലവിൽ അനുദിച്ചിട്ടുള്ള എ.പി.എൽ. പെർമിറ്റ് ബി.പി.എൽ. ആക്കി മാറ്റി കിട്ടുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇവർക്ക് ബി.പി.എൽ. പെർമിറ്റ് അടിയന്തിരമായി അനുവദിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly